പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1929

01.02.2018-ൽ മറുപടിയ്ക്ക്

## വാഹനം പരിശോധിക്കാനുള്ള അധികാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വാഹനങ്ങൾ പരിശോധിക്കാൻ സബ് ഇൻസ്പെക്ടർ റാങ്കും അതിനു മുകളിലുമുള്ള ഉദ്യോഗസ്ഥർക്കാണ് നിയമപരമായി അധികാരം ഉള്ളത് എന്ന് നിയമസഭാ ചോദ്യത്തിന് മറുപടി ലഭ്യമാക്കിയ ശേഷം, ഇത് സംബന്ധിച്ച് മോട്ടോർ വാഹന നിയമത്തിൽ ഭേദഗതികൾ വരുത്തിയിരുന്നോ ; എങ്കിൽ വിശദാംശം നൽകാമോ ; | (എ) | 1989-ലെ കേരള മോട്ടോർ വെഹിക്കിൾ റൂൾസ് പ്രകാരം സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനം പരിശോധിക്കാനുള്ള അധികാരം നൽകിയിട്ടുണ്ട്. |
| (ബി) | കാസർഗോഡ് പോലീസ് ഇൻസ്പെക്ടറുടെ ഓഫീസിൽ നിന്ന് വിവരാവകാശ നിയമപ്രകാരം നൽകിയ ചോദ്യത്തിന് ലഭിച്ച 597/B00/KSD/17 നമ്പർ മറുപടി, വാഹനം പരിശോധിക്കാനുള്ള അധികാരം യൂണിഫോം ധരിച്ച എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും ഉണ്ട് എന്നായിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി)<br>&<br>(സി) | 1988-ലെ മോട്ടോർ വെഹിക്കിൾ ആക്ട് 130(1) അനുസരിച്ച് യൂണിഫോമിലുള്ള ഏതൊരു പോലീസ് ഉദ്യോഗസ്ഥനും വാഹനത്തിലെ ഡ്രൈവറുടെ ലൈസൻസ് പരിശോധിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. |
| (സി) | കാസർഗോഡ് പോലീസ് ഇൻസ്പെക്ടർ ഓഫീസിൽ നിന്ന് വിവരാവകാശ നിയമപ്രകാരം കിട്ടിയ മറുപടി പ്രകാരം എല്ലാ പോലീസുകാർക്കും വാഹനം പരിശോധിക്കാനുള്ള അധികാരം ഉണ്ടോ എന്ന് വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| (ഡി) | വാഹനം പരിശോധിക്കാനുള്ള അധികാരം വിവിധ ജില്ലകളിൽ വിവിധ തരത്തിൽ ആണോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | നിയമം അനുശാസിക്കുന്ന പ്രകാരമാണ് എല്ലാ ജില്ലകളിലും വാഹനങ്ങൾ പരിശോധിക്കുന്നത്. |

Sjan

സെക്ഷൻ ഓഫീസർ